**പതിനാലാം കേരള നിയമസഭ**

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. T 907 — 30.11.2018 ന് മറുപടിയ്ക്ക്.

**നെയ്യാർഡാം ലയൺ സഫാരി പാർക്ക്**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.സി.കെ.ഹരീന്ദ്രൻ | അഡ്വ. കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) |
| (എ) നെയ്യാർ ഡാം ലയൺ സഫാരി പാർക്കിലേയ്ക്ക് പുതുതായി സിംഹങ്ങളെ എത്തിക്കുന്നതിന് സമർപ്പിച്ചിരുന്ന നിവേദനം പരിഗണനയിലുണ്ടോ; പ്രസ്തുത നിവേദനത്തിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ; | (എ) പരിഗണനയിലുണ്ട്. നെയ്യാർ ഡാം ലയൺ സഫാരി പാർക്കിലേക്ക് ഒരു ജോഡി സിംഹങ്ങളെ ഗുജറാത്തിലുള്ള സക്കർബർഗ് മൃഗശാലയിൽ നിന്നും കൊണ്ടുവരുന്നതിനുള്ള പ്രൊപ്പോസൽ ഉണ്ട്. കൂടാതെ തിരുവനന്തപുരം/തൃശ്ശൂർ മൃഗശാലകളിൽ നിന്നോ, തമിഴ്നാട്ടിലെ മൃഗശാലകളിൽ നിന്നോ സിംഹങ്ങളെ കൊണ്ടുവരുന്നതിനായുള്ള ചർച്ചകളും നടക്കുന്നുണ്ട്. |
| (ബി) നെയ്യാർ ഡാം മാൻപാർക്കിന്റെ നവീകരണത്തിനായി എന്തൊക്കെ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത് ; വിശദാംശങ്ങൾ വ്യക്തമാക്കാമോ? | (ബി) നെയ്യാർ ഡാം മാൻപാർക്കിന്റെ നവീകരണത്തിനായി പ്രത്യേക പദ്ധതിയൊന്നും നിലവിലില്ല. എന്നാൽ പാർക്കിന്റെ ചുറ്റും ഫെൻസിംഗ് ചെയ്യുകയും, ജലലഭ്യത ഉറപ്പുവരുത്തുകയും, ആഹാരം നൽകുന്നതിനായി പ്രത്യേക പ്ലാറ്റ്ഫോം നിർമ്മിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ